# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1840      16.02.2016 ലെ മറുപടിക്ക്

<u>ചോദ്യം</u>

ശ്രീ. എ.കെ.ബാലൻ
ശ്രീ. ജി. സുധാകരൻ
ശ്രീ. സി. കൃഷ്ണൻ
ശ്രീ. പി.കെ. ഗുരുദാസൻ

<u>മറുപടി</u>

**ശ്രീ. ഉമ്മൻ ചാണ്ടി**
ബഹു. മുഖ്യമന്ത്രി

### ബഡ്ജറ്റ് 2015-16 ൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ

| | | |
|---|---|---|
| (എ) | 2015-16 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ നടപ്പിലാക്കിയതിന്റെ നിജസ്ഥിതി വിശദമാക്കാമോ; | 2015-16 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ മിക്കവയും വിവിധ വകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കി വരികയാണ്. അവയിൽ ചില പദ്ധതികളുടെ നിർവ്വഹണം ഇതിനോടകം തന്നെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മറ്റുള്ളവയുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരികയാണ്. എന്നാൽ സാങ്കേതിക കാരണങ്ങൾ കൊണ്ട് ചില പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതി നടത്തിപ്പിന് വേണ്ടിയുള്ള ഭരണപരമായ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നടപ്പു വർഷം ആവശ്യമായ തുക ഉചിത മാർഗ്ഗങ്ങളിലൂടെ അനുവദിച്ചു നൽകി വരുന്നുണ്ട്. |
| (സി) | ബഡ്ജറ്റിൽ പ്രഖ്യാപിച്ചെങ്കിലും ബന്ധപ്പെട്ട ഭരണവകുപ്പ് പദ്ധതി നിർവ്വഹണത്തിന് മുൻകൈ എടുക്കാതിരുന്നതിനാലും ധനവകുപ്പ് ഫണ്ടുകൾ നൽകിയിട്ടില്ലാത്തതിനാലും നടപ്പിലാക്കാൻ കഴിയാതെ ബഡ്ജറ്റ് പ്രസംഗത്തിൽ മാത്രം നിലകൊള്ളുകയും ചെയ്ത പദ്ധതികൾ ഉണ്ടോ; അവ എത്ര; | |
| (ബി) | ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനങ്ങളുടെ നടപ്പാക്കൽ പുരോഗതി നിരീക്ഷിക്കാറുണ്ടോ; ഏറ്റവും ഒടുവിലത്തെ അവലോകനത്തിന്റെ അടിസ്ഥാനത്തിൽ പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ എത്ര; പൂർണ്ണമായും സാക്ഷാത്കരിച്ചവ എത്ര; പ്രസംഗ | ബഡ്ജറ്റ് പ്രസംഗങ്ങളിലെ പ്രഖ്യാപനങ്ങളുടെ നടപ്പാക്കൽ പുരോഗതി വിലയിരുത്തുന്നതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും വിവിധ നിർവ്വഹണ വകുപ്പുകളുടെ സെക്രട്ടറിമാർ അംഗങ്ങളുമായുള്ള ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ |

| | | |
|---|---|---|
| | ത്തിൽ പ്രഖ്യാപിച്ചെങ്കിലും ആവശ്യമായ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പദ്ധതികൾ സാക്ഷാത്കരിക്കാതെ പോയിട്ടുള്ളവ എത്ര; | ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപന ങ്ങളുടെ നിർവ്വഹണം വകുപ്പു തല യോഗ ങ്ങളിൽ അവലോകനം ചെയ്യാറുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് 2015-16 ബഡ്ജറ്റിൽ പുതുതായി പ്രഖ്യാപിച്ച അൻപത്തിയെട്ട് പദ്ധതികളിൽ പത്തെണ്ണം പൂർണ്ണമായും സാക്ഷാത്കരിച്ചിട്ടുണ്ട്. മറ്റ് പദ്ധതികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ച് വരുന്നതായി വിലയിരുത്തി യിട്ടുണ്ട്. |
| (ഡി) | ആസൂത്രണത്തിലെ അഭാവത്തെയും നിർവ്വഹണത്തിലെ പോരായ്മയു ടേയും ഭാഗമായി പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ പോയിട്ടുള്ളതായി അറിയാമോ? | ആസൂത്രണത്തിലെ അഭാവത്തേയും നിർവ്വഹണത്തിലെ പോരായ്മയുടേയും ഭാഗമായി പ്രഖ്യാപിത പദ്ധതികൾ നടപ്പി ലാക്കാൻ കഴിയാതെ പോയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

അക്കൗണ്ട്സ് ഓഫീസർ